## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 115 | 05.03.2020-ൽ മറുപടിക്ക് |
|---|---|

**<u>സബ് രജിസ്ട്രാർ ഓഫീസുകളുടെ നവീകരണ പ്രവർത്തനങ്ങൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ മുരളി പെരുനെല്ലി<br>ശ്രീ കെ . വി . വിജയദാസ്<br>ശ്രീ കാരാട്ട് റസാഖ്<br>ശ്രീ.കെ.ഡി. പ്രസേനൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിലെ സ്ഥലപരിമിതിയ്ക്കും അഴിമതിയ്ക്കും പരിഹാരം സൃഷ്ടിച്ച് ഇവയെ ഐ.എസ്.ഒ നിലവാരം കൈവരിക്കാൻ പ്രാപ്തമാക്കുകയെന്ന ലക്ഷ്യത്തോടെ ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ ; | എ) | ആധുനിക സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി സബ് രജിസ്ട്രാർ ഓഫീസിൽ നിന്നുള്ള സേവനങ്ങൾ സമയബന്ധിതവും കാര്യക്ഷമവും ആക്കിക്കൊണ്ട് ഐ.എസ്.ഒ നിലവാരം ലക്ഷ്യമിട്ടുകൊണ്ട് ഈ സർക്കാർ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഫയലിംഗ് ഷീറ്റുകളുടെ രൂപം എ 3 സൈസിൽ നിന്നും എ 4 സൈസിലേക്ക് മാറ്റുകയുണ്ടായി.<br>2. വിവിധ സേവനങ്ങളുടെ ഫീസുകൾ ഓൺലൈനായി ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം.<br>3. ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് ഇ-പോസ് മെഷീൻ ഉപയോഗിച്ച് തുക ഒടുക്കുന്നതിനുള്ള സൗകര്യം.<br>4. ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള ആധാരങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സൗകര്യം.<br>5. ആധാര രജിസ് ട്രേഷൻ തീയതിയും സമയവും മുൻകൂട്ടി നിശ്ചയിക്കുന്നതിനുള്ള ഓൺലൈൻ ടോക്കൺ സൗകര്യം. |

| | | | |
|---|---|---|---|
| | | | 6. വിവാഹ അപേക്ഷകൾ സമർപ്പിക്കുന്നതിനായുള്ള ഓൺലൈൻ സൗകര്യം.<br>7. വിവിധ സേവനങ്ങൾക്ക് എസ്.എം.എസ്. സൗകര്യം.<br>8. ഗഹാൻ ആധാരങ്ങൾ പൂർണ്ണമായും ഓൺലൈനിൽ.<br>9. എൻ.ആർ.ഐ. ചിട്ടി രജിസ്ട്രേഷന് പൂർണ്ണമായും ഓൺലൈൻ സൗകര്യം.<br>10. മുൻകാല ആധാരങ്ങൾ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള അനശ്വര പദ്ധതി.<br>11. സബ് രജിസ്ട്രാർ ഓഫീസുകളെയും വില്ലേജ് ഓഫീസുകളെയും ബന്ധപ്പെടുത്തിക്കൊണ്ട് ഓൺലൈൻ പോക്ക് വരവ് സൗകര്യം.<br>12. വർക്ക് സ്റ്റേഷൻ മാതൃകയിൽ ശാസ്ത്രീയമായ ഇരിപ്പിട സൗകര്യങ്ങൾ.<br>13. റിക്കാർഡ് റൂമുകൾ നവീകരിച്ച് കൊണ്ട് ആധുനിക കോംപാക്റ്ററുകൾ സ്ഥാപിച്ചു.<br>14. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനും കാലപ്പഴക്കമുള്ള ഓഫീസ് കെട്ടിടങ്ങൾ പൊളിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) | സേവനങ്ങൾ പരമാവധി കാര്യക്ഷമമായും സമയബന്ധിതമായും നൽകുന്നതിന് നടത്തുന്ന ആധുനികീകരണ പ്രവർത്തനങ്ങൾ വിശദമാക്കാമോ ; | ബി) | സേവനങ്ങൾ പരമാവധി കാര്യക്ഷമമായും സമയബന്ധിതമായും നൽകുന്നതിന് രജിസ്ട്രേഷൻ വകുപ്പിൽ നടത്തുന്ന ആധുനികീകരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ |

| | | | |
|---|---|---|---|
| | | | ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം.<br>2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തി.<br>3. ഒരു ലക്ഷം രൂപയ്ക്കു മുകളിൽ മുദ്രവില ഒടുക്കേണ്ടിവരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്തുകയുണ്ടായി<br>4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.<br>5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.<br>6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.<br>7. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും, അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | 8. സ്പെഷ്യൽ മാര്യേജുകൾക്കുള്ള അപേക്ഷ/ നോട്ടീസ്, രജിസ്ട്രേഷൻ തുടങ്ങിയവകൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.<br>9. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും, ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തി.<br>10. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനു വേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും, രജിസ്ട്രേഷൻ ഫീസ് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും, ഓഫീസിൽ ഹാജരാകാതെ തന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തി.<br>11. ചിട്ടി രജിസ്ട്രേഷൻ നടപടികൾക്കുള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി<br>12. രജിസ്ട്രേഷൻ വകുപ്പിനു കീഴിലെ ഓഫീസുകളിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഫീസുകൾ അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.<br>13. സബ് രജിസ്ട്രാർ ഓഫീസുകളിൽ നേരിട്ട് ഹാജരായി ഫയൽ ചെയ്തിരുന്ന ഗഹാനുകൾ ഓഫീസിൽ ഹാജരാകാതെ ഡിജിറ്റൽ രൂപത്തിൽ ഫയൽ ചെയ്യുന്നതിനുള്ള സൗകര്യം. |
| സി) | ഓഫീസുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി വാടക ക്കെട്ടിടങ്ങളിലും നൂറു വർഷത്തിലേറെ പഴക്കമുള്ള കെട്ടിടങ്ങളിലും പ്രവർത്തിക്കുന്ന | സി) | കെട്ടിട നിർമ്മാണത്തിന് 100 കോടി രൂപ നീക്കിവെയ്ക്കുന്നുവെന്ന 2016-17 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തെത്തുടർന്ന് ഓഫീസുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി |

| | | | |
|---|---|---|---|
| | സബ് രജിസ്ട്രാർ ഓഫീസുകൾക്കു പകരം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ ? | | വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനും കാലപ്പഴക്കമുള്ള ഓഫീസ് കെട്ടിടങ്ങൾ പൊളിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ആവിഷ്കരിച്ച പദ്ധതിയിൽ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ ജില്ലകളിലായി മൂന്നു രജിസ്ട്രേഷൻ കോംപ്ലക്സുകളുടെ നിർമ്മാണവും ആറ്റിങ്ങൽ സബ് രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപ്പണിയും 48 സബ് രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണവും ഉൾപ്പെടുന്നു.<br>ഇവയിൽ 11 സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണവും ആറ്റിങ്ങൽ സബ് രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപ്പണിയും ഇതിനകം പൂർത്തിയായിട്ടുള്ളതും 28 നിർമ്മാണ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയുമാണ്. ശേഷിക്കുന്ന 12 കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |

Shunas

സെക്ഷൻ ഓഫീസർ